**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1894** **13-02-2025 - ൽ മറുപടിയ്ക്ക്**

**ധീരജവാൻ ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ പള്ളിപ്പുറം പഞ്ചായത്തിലെ ഐ.എച്ച്.ആർ.ഡി. കോളേജിൽ ധീരജവാൻ ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ.എച്ച്. ആർ.ഡി. കോളേജിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിലേയ്ക്കായി 16.83 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ എസ്.പി.വി ആയി ആദ്യം കിറ്റ്കോയെയാണ് നിയമിച്ചിരുന്നത്. കിറ്റ്കോ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കിഫ്ബിയിൽ നിന്നും പദ്ധതിയ്ക്കായി 7.67 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിരുന്നു. എന്നാൽ പദ്ധതി ദീർഘകാലം നടപ്പിലാകാതിരുന്ന സാഹചര്യത്തിൽ പദ്ധതി നിർവ്വഹണം കായികവകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിക്കുകയും, ആദ്യഘട്ടത്തിൽ 18.45 കോടി രൂപയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിരുന്നെങ്കിലും പദ്ധതി തുക നിജപ്പെടുത്തി സമർപ്പിക്കാൻ കിഫ്ബി നിർദേശിക്കുകയുണ്ടായി. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ 10.86 കോടി രൂപയുടെ പുതുക്കിയ ഡിപിആർ തയ്യാറാക്കി കിഫ്ബിയിൽ 12.02.2024 ന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഈ പ്രവൃത്തിയുടെ കാലതാമസത്തിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ? | (ബി) | കിറ്റ്കോ എസ്.പി.വി. ആയിരുന്ന ഘട്ടത്തിൽ പദ്ധതിയ്ക്കുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 12.02.2024-ൽ പദ്ധതിയുടെ 10.86 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ഭരണാനുമതി പുതുക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ നിലവിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ